DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11.06.2019

# കാർഷികമേഖലാവാർത്തകൾ

## നഴ്സറി പരിപാലനത്തിൽ പരിശീലനം

തിരുവനന്തപുരം ജില്ലയിലെ മിത്രാനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നഴ്സറി പരിപാലനം, ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലയറിങ് എന്നീ വിഷയങ്ങളിൽ ഈ മാസം 24 മുതൽ 28 വരെ പരിശീലനം സംഘടിപ്പിച്ചി രിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടി ഫിക്കറ്റ് നൽകും. രജിസ്ട്രേഷൻ ഫീസ് 500 രൂപ. കൂടുതൽ വിവര ങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനുമായി ബന്ധപ്പെടേണ്ട നമ്പർ: 9447856216.

## ടെറേറിയത്തിൽ പരിശീലനം

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ വച്ച് ഈ മാസം 14-ന് ടെറേറിയ ത്തിൽ ഒരു ദിവസത്തെ പരിശീലനം നടത്തുന്നു. പൂന്തോട്ട നിർമ്മാണ ത്തിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് അവലംബിക്കാൻ കഴിയുന്ന ചില്ലു കൂട്ടിലെ ചെറിയ ഉദ്യാനങ്ങളാണ് ടെറേറിയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 7025498850.

## പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി ഈ

മാസം 15 ന് കാടവളർത്തലിലും 18 മുതൽ 20 വരെ ഇറച്ചിക്കോഴി വളർത്തലിലും 21,22 തീയതികളിൽ ആട് വളർത്തലിലും പരിശീലനം നൽകുന്നു. താത്പര്യമുള്ള കർഷകർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തു നമ്പർ വാങ്ങേണ്ടതാണ്. പരിശീലനം തികച്ചും സൗജന്യവും പങ്കെടുക്കുന്നവർക്ക് പരിശീലന ശേഷം പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട നമ്പർ : 0479 – 2457778.

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയിൽ പുതുതായി ആരംഭിക്കുന്ന കാർഷിക സംരംഭകത്വ വികസന ശില്പശാലയിലേക്ക് കാർഷിക മേഖലയിൽ പുതിയ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന യുവാക്കളുടേയും വിദ്യാർത്ഥികളുടേയും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് രണ്ട് മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന കാലയളവിൽ പ്രതിമാസം 10000/- രൂപ സഹായധനമായി നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന നവ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ മാതൃകാരൂപീകരണത്തിനായി 5 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കുന്നതാണ്. നൂതന ആശയങ്ങളുടെ വാണിജ്യവത്ക്കരണത്തിനും മാതൃകാ വിപുലീകരണത്തിനുമായി നവസംരംഭകർക്ക് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സൗകര്യം

ഉപയോഗപ്പെടുത്തുവാനായി സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പരിപാടിയിലേക്കും ഇതോടൊപ്പം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 25 ലക്ഷം രൂപ വരെ ധനസഹായവും വിദഗ്ധരുടെ നിർദ്ദേശങ്ങളും സാങ്കേതിക സഹായവും ഇൻക്യൂബേഷൻ സൗകര്യവും ഇതിലൂടെ ലഭ്യമാകുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 15.06.2019. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## മുട്ടക്കോഴി വളർത്തൽ പരിശീലനം

ഇടുക്കി ജില്ലയിലെ വാഗമൺ മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അറക്കുളം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഈ മാസം 13,14,15 തീയതികളിൽ മുട്ടക്കോഴിവളർത്തൽ എന്ന വിഷയത്തിൽ കർഷകർക്ക് സൗജന്യപരിശീലനം നൽകുന്നു. താത്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9447979697, 7907867453.

## മത്സ്യകൃഷിക്ക് ധനസഹായം

ഫിഷറീസ് വകുപ്പിന്റെ പദ്ധതി പ്രകാരം 40 ഘനമീറ്ററിൽ ജൈവ സുരക്ഷ ഏർപ്പെടുത്തിയ റീസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി ചെയ്യുന്നതിന് ഒരു യൂണിറ്റിന് ഏകദേശം 6 ലക്ഷം രൂപ നിർമ്മാണച്ചെലവ് വരുന്ന ഇതിന്റെ 40 ശതമാനം അഥവാ പരമാവധി 2.4 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്.